# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5604 27.03.2018 ൽ മറുപടിയ്ക്ക്

### സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ വേഗത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എം.ഷാജി | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ വേഗം കൂട്ടാൻ സംസ്ഥാന ഗതാഗത അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ | (എ) | വേഗം കൂട്ടാൻ അനുമതി നൽകിയിട്ടില്ല. ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് ഉൾപ്പെടെയുള്ള ബസ്സുകളുടെ സമയം .കോടതി ഉത്തരവു പ്രകാരം 04.01.2018-ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിംഗിൽ പുന:ക്രമീകരിച്ചുവെങ്കിലും ചില ആക്ഷേപങ്ങൾ ഉള്ളതിനാൽ താൽക്കാലികമായി മേൽ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. വിഷയം, വരുന്ന എസ്.റ്റി.എ. മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഗണിയ്ക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസിനെ പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി)<br>യും<br>(സി)<br>യും | സംസ്ഥാനത്തെ ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള സൂപ്പർഫാസ്റ്റ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസുകളുടെ റണ്ണിംഗ് ടൈം ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ നിന്നും കുറവ് വരുത്തി നിശ്ചയിച്ചത് കെ.എസ്.ആർ.ടി.സി സർവ്വീസുകളെ പ്രതികൂലമായി ബാധിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താൽക്കാലികമായി പ്രസ്തുത തീരുമാനം മരവിപ്പിയ്ക്കുകയും വരുന്ന എസ്.റ്റി.എ.മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്ത് പരിഗണിയ്ക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വേഗം വർദ്ധിപ്പിക്കാനുള്ള അനുമതി അപകടങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകുമെന്നതിനാൽ തീരുമാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ